# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2395 - 09/12/2014 - ലെ മറുപടിക്ക്

## നടപ്പിലാക്കാത്ത കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. പി.റ്റി.എ.റഹീം | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) അധികൃതരുടെ അനാസ്ഥയും കെടുകാര്യസ്ഥതയും കാരണം സംസ്ഥാനത്ത് വിവിധ വകുപ്പുകൾക്ക് കീഴിലായി നടപ്പിലാക്കേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ അവതാളത്തി ലാവുകയും ഇതുവഴി കേന്ദ്രം അനുവദിച്ച കോടികളുടെ ഫണ്ട് പാഴാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ,<br><br>(ബി) സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാത്തതിനാൽ ഏതെല്ലാം പദ്ധതികൾക്ക് അനുവദിച്ച കേന്ദ്ര ഫണ്ട് നഷ്ടപ്പെടുകയുണ്ടായെന്ന് വ്യക്തമാക്കാമോ,<br><br>(സി) സംസ്ഥാനത്തിന്റെ അനാസ്ഥ കാരണം കേന്ദ്ര പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്തത് സംസ്ഥാനത്തിന്റെ വികസനത്തെയും തൊഴിൽ മേഖലയേയും പ്രതിസന്ധിയിലാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, | കേന്ദ്ര പദ്ധതികളെ സംബന്ധിച്ച് കേന്ദ്രം നൽകുന്നതുക അതാത് വർഷം വിനിയോഗിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കുവാൻ സാധിക്കുന്നി ല്ലെങ്കിൽ, കേന്ദ്ര സർക്കാരിന്റെ അനുമതി യോടുകൂടി അടുത്ത വർഷം ഉപയോഗി ക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ പദ്ധതിയും ഫണ്ടും നഷ്ടപ്പെടുന്നതായി കണക്കാക്കുവാൻ കഴിയുകയില്ല. |
| (ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ചെലവിടുന്ന തുക കേന്ദ്ര സർക്കാരിൽ നിന്നും യഥാസമയം വാങ്ങിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ,<br><br>(ഇ) ഈ ഇനത്തിൽ എന്തു തുകയാണ് കേന്ദ്ര സർക്കാരിൽ നിന്നും ഈ സർക്കാരിന്റെ കാലയളവിൽ ലഭിക്കാനുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ, | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഭൂരിഭാഗവും റീഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിലാണ്. പദ്ധതികൾ നടപ്പിലാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരിക്കുകയാണ്. എല്ലാ വർഷവും ആഗസ്റ്റ് മാസം 31 -ാം തീയതിക്ക് മുൻപായി |

| | |
|---|---|
| | ഒത്തു നോക്കിയ 'സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ' (SoE) അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകി യിട്ടുള്ളതാണ് |
| (എഫ്) ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രം അനുവദിച്ച ഫണ്ട് പദ്ധതി നടപ്പിലാക്കാത്തതിന്റെ പേരിൽ തിരിച്ചടക്കേണ്ടി വന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

**സെക്ഷൻ ഓഫീസർ**